പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5137 — 02.07.2013 ൽ മറുപടിക്ക്

# ശയ്യാവലംബികളായ രോഗികൾക്ക് സൗജന്യ വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ശയ്യാവലംബികളായ രോഗികൾക്ക് വീടുകളിൽ ജീവൻരക്ഷാ സംവിധാനം ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി സൗജന്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഓക്സിജൻ കോൺസെൻട്രേറ്റർ മെഷീൻ ഉപയോഗപ്പെടുത്തി ജീവൻ നിലനിർത്തുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമായി അനുവദിച്ച് 18.10.2012 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; | (ബി) ഈ സൗകര്യം ഉപയോഗിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. ഈ സൗജന്യം ഓക്സിജൻ കോൺസെൻട്രേറ്റർ മെഷീൻ ഉപയോഗിക്കുന്നതിനു മാത്രമാണ്. ഗാർഹിക ഉപഭോക്താക്കൾക്കു മാത്രമേ ഇത് അനുവദിക്കുകയുള്ളൂ.<br>2. ജീവൻ രക്ഷാ സംവിധാനത്തിൽ നിലനിർത്തുന്ന ഒരു രോഗിയെ പാർപ്പിച്ചിരിക്കുന്ന ഗാർഹിക ഉപഭോക്താവിന് പരമാവധി 100 യൂണിറ്റ് വരെ മാത്രമേ പ്രതിമാസം സൗജന്യമായി |

നൽകുകയുള്ളൂ.

3 ഈ സൗജന്യം ഉപയോഗപ്പെടുത്തേണ്ട ഗാർഹിക ഉപഭോക്താവ് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അംഗീകൃത ഡോക്ടറിൽ നിന്നും പ്രസ്തുത സംവിധാനം രോഗിയുടെ ജീവൻ നിലനിർത്തുവാൻ അത്യാവശ്യമാണെന്ന സർട്ടിഫിക്കറ്റും, 100 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട സത്യവാങ്മൂലവും നൽകേണ്ടതാണ്.

4 സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർ പ്രസ്തുത പ്രെമിസസ്സ് പരിശോധന നടത്തി. ജീവൻ രക്ഷാ സംവിധാനത്തിന് ഉപയോഗിക്കുന്ന മെഷീനുകളുടെ വാട്ടേജ്, പ്രവർത്തിക്കുന്ന മണി ക്കൂറുകൾ ഇവയുടെ അടിസ്ഥാ നത്തിൽ ഇതിനു വേണ്ടി വരുന്ന ശരാശരി ഉപഭോഗം കണക്കാ ക്കുന്നതാണ്.

5 സെക്ഷൻ ഓഫീസിൽ നിന്നും ആനുകൂല്യം അനുവദിക്കുന്നതിന്റെ ന്യായമായ ആവശ്യം ഉറപ്പു വരുത്തുന്നതിനു വേണ്ടി ആറു മാസത്തിലൊരിക്കൽ പ്രമീ സസ്സിൽ പരിശോധന നടത്തു ന്നതാണ്. ഓരോ ആറുമാസം കൂടുമ്പോഴും പുതുക്കിയ സർട്ടി ഫിക്കറ്റ് ആനുകൂല്യം തുടരുന്നതിന് സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| (സി) പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി(സി) വരെ ഉപയോഗിക്കുന്നതിനാണ് ഈ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | പ്രതിമാസം പരമാവധി 100 യൂണിറ്റുവരെ ഉപയോഗിക്കുന്നതിനാണ് ഈ ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. |

(. . . . 3)

(ഡി) നിശ്ചിത യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വൈദ്യുതി ചാർജ് എങ്ങനെയാണ് ഈടാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഓക്സിജൻ കോൺസെൻട്രേറ്റർ മെഷീൻ ഉപയോഗിച്ച് ജീവൻ നിലനിർത്തുന്ന രോഗിക്ക് പരമാവധി 100 യൂണിറ്റ് വൈദ്യുതി വരെ മാത്രമേ സൗജന്യമായി നൽകുന്നുള്ളൂ. നിലവിൽ ഗാർഹിക ഉപഭോക്താവിന്റെ മൊത്തം വൈദ്യുതി ഉപഭോഗത്തിൽ നിന്നും ഓക്സിജൻ കോൺസെൻട്രേറ്റർ വൈദ്യുതി ഉപകരണത്തിന്റെ (പരമാവധി 100 യൂണിറ്റുവരെ) ഉപഭോഗം കുറച്ചു കിട്ടുന്ന വൈദ്യുതിക്കുള്ള നിരക്കാണ് ഇപ്പോൾ ഈടാക്കിവരുന്നത്.

**സെക്ഷൻ ഓഫീസർ**